**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 189** — **23-08-2022 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നീക്കിവെച്ച 4 കോടി രൂപ വിനിയോഗിച്ച് അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അരൂർ നിയോജക മണ്ഡലത്തിലെ സി. എച്ച്.സി അരൂക്കുറ്റിയെയാണ് ഐസൊലേഷൻ വാർഡു നിർമ്മിക്കുവാനായി 26-07-2021-ലെ GO (Rt) 1555/2021/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരഞ്ഞെടുത്തിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി. എൽ ന് കൈമാറുകയും തുടർന്ന് നിർവ്വഹണ ഏജൻസി 24.03.2022-ന് M/s. തൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺ ട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവർത്തി ഉത്തരവ് നൽകുകയും ചെയ്തി ട്ടുണ്ട്. എന്നാൽ മഴ മൂലമുണ്ടായ വെള്ള ക്കെട്ട് കാരണം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതും നിർദ്ദിഷ്ട സ്ഥലം ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രവർത്തികൾ നടന്നു വരികയുമാണ്. |
| (ബി) | അരൂർ മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | അരൂർ നിയോജക മണ്ഡലത്തിലെ സി. എച്ച്.സി അരൂക്കുറ്റിയെയാണ് ഐസൊലേഷൻ വാർഡു നിർമ്മിക്കുവാനായി 26-07-2021-ലെ GO (Rt) 1555/2021/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരഞ്ഞെടുത്തിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതി പ്രദേശം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സജ്ജമായതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി. എൽ ന് കൈമാറുകയും തുടർന്ന് നിർവ്വഹണ ഏജൻസി 24.03.2022-ന് M/s. തൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺ ട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവർത്തി ഉത്തരവ് നൽകുകയും |

| | | | |
|---|---|---|---|
| | | | ചെയ്തി ട്ടുണ്ട്. എന്നാൽ മഴ മൂലമുണ്ടായ വെള്ള ക്കെട്ട് കാരണം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തതും നിർദ്ദിഷ്ട സ്ഥലം ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിന് സജ്ജമാക്കുന്ന പ്രവർത്തികൾ നടന്നു വരികയുമാണ്. |

സെക്ഷൻ ഓഫീസർ